# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2211 13.06.2019-ൽ മറുപടിക്ക്

## വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം

**ചോദ്യം**
ശ്രീ.അൻവർ സാദത്ത്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കുവാനുള്ള 19/01/17 ലെ 19/17/CAD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഈ വസ്തുവിൽ എന്തെങ്കിലും ക്രയ വിക്രയങ്ങൾ നടന്നതായി പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ആലുവാ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കു വാനുള്ള 19/01/17 ലെ 19/17/CAD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഈ വസ്തുവിൽ എന്തെങ്കിലും ക്രയവിക്രയങ്ങൾ നടന്നതായി പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഭൂമി കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ ആയത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ; | | |
| (സി) | സംരക്ഷിത സ്മാരകം ആക്കുവാൻ സർക്കാർ ഉത്തരവായശേഷം വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തെ പുരാവസ്തുക്കളിൽ പൊളിച്ചുനീക്കലുകളോ റിപ്പയറിംഗുകളോ നടന്നുവരുന്നതായി പുരാവസ്തു ഡയറക്ടർക്ക് പരാതി ലഭിച്ചതിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | വെള്ളാരപ്പിള്ളി തെക്കേ കോവിലകം കോമ്പൗണ്ടിലെ പുരാവസ്തുക്കളിൽ അറ്റകുറ്റപ്പണികളും പൊളിച്ചു നീക്കലുകളും നടത്തിക്കൊണ്ടിരിക്കുന്നതായി ബഹു. എം.എൽ.എ പുരാവസ്തു വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് വെള്ളാരിപ്പള്ളി തെക്കേ കോവിലകം കോമ്പൗണ്ടിൽ നടത്തുന്നതോ നടത്തുവാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ അനധികൃത നിർമ്മാണ പ്രവർത്തികളും നിർത്തിവെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 20.05.2019 ൽ എറണാകുളം ജില്ലാകളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 20.05.2019 ൽ ഈ വിഷയത്തിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് ഹിൽപ്പാലസ് മ്യൂസിയം ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ചാർജ്ജ് ഓഫീസർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**